# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പീരുമേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/894/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/894/2022 തീയ്യതി: 30/07/2022

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2022 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കിഷോർ തോമസ് എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ) | 20-06-2022 | 27-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 27-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി. ജി. (ഓഡിറ്റ് ഓഫീസർ)
ശ്രീ. ജോസഫ് ചാക്കോ (അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ)
ശ്രീ. സാമുവൽരാജ് ആർ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ബെന്നി മാത്യൂ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. വിഷ്ണു പി. കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രവീണ എസ്. | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 30-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീ. സാബു എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അനിൽ കുമാർ ആർ. | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. ജയൻ ജോണി | സെക്രട്ടറി | 10-06-2020 | 17-07-2020 |
| ശ്രീ. അനിൽകുമാർ എസ്. എൽ. | സെക്രട്ടറി | 18-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ഡോൺബോസ്കോ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. അഫ്സൽ എ.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ഹരിമോഹൻ സി. എം. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 11-11-2020 |
| ഡോ. റ്റിങ്കിൾ തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 12-11-2020 | 31-03-2021 |
| ശ്രീമതി അനിറ്റ അനി മാത്യു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുനിൽകുമാർ പി. | അസി. എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ. സ്റ്റീഫൻ റ്റി. | അസി. എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ശ്രീ. മണികണ്ഠൻ എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സേതു ശിവദാസ് | വി.ഇ.ഒ. | 01-04-2020 | 30-09-2020 |
| ശ്രീ. സുമേഷ് സോമൻ | വി.ഇ.ഒ. | 01-10-2020 | 31-03-2021 |
| ഡോ. ആർ. അരുണാചലം | വെറ്ററിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ. ദിനകരൻ കെ. | വെറ്ററിനറി സർജൻ | 01-06-2020 | 30-12-2020 |
| ഡോ. ബി. ഗണേശൻ | വെറ്ററിനറി സർജൻ | 31-12-2020 | 31-03-2021 |
| ശ്രീമതി എം. ഐ. ഷൈലജ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി റസീന കെ. എസ്. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: Benny Mathew (Auditor, On 21-06-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-3 |
| 4 | വാർഷിക പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-07-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 28-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-9 |
| 10 | ILGMS – രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: VISHNU.P.K (Senior Grade Auditor, On 22-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-10 |
| 11 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 22-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-10-1 |
| 12 | രസീത് ബുക്ക് നമ്പർ ILGMSൽ തെറ്റായി രേഖപ്പെടുത്തി<br>Written By: VISHNU.P.K (Senior Grade Auditor, On 22-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-10-2 |
| 13 | ILGMS വിന്യസിച്ച ശേഷവും ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ കളക്ഷൻ തുകകൾ രേഖപ്പെടുത്തി<br>Written By: VISHNU.P.K (Senior Grade Auditor, On 23-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-11 |
| 14 | ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ ₹9534/- ബാലൻസായി നിലനിൽക്കുന്നു<br>Written By: VISHNU.P.K (Senior Grade Auditor, On 22-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-12 |
| 15 | ഒരേ രസീത് ഉപയോഗിച്ച് ഒന്നിലധികം ഇനങ്ങളിൽ വരവ് രേഖപ്പെടുത്തി<br>Written By: VISHNU.P.K (Senior Grade Auditor, On 23-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-13 |
| 16 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ₹3200/- ഒടുക്ക് വരുത്തി<br>Written By: VISHNU.P.K (Senior Grade Auditor, On 22-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-14 |
| 17 | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 23-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-15 |
| 18 | ഇ-ടെണ്ടർ ഫോറ വില, നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി | 1-16 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | |
| 19 | യഥാർത്ഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ചു<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-17 |
| 20 | സ്റ്റീൽ ട്രസ് നിർമാണ പ്രവൃത്തികൾക്ക് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-18 |
| 21 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് ജി.എസ്.ടി നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-07-2022) | 1-19 |
| 22 | ഗ്ലെൻമേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ - അധിക തുക അനുവദിച്ചു<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-20 |
| 23 | പരുന്തുംപാറ റിഫ്രഷ്മെന്റ് സെന്റർ സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 27-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-21 |
| 24 | ഇലക്ഷൻ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല.<br>Written By: Joseph Chacko (Asst. Audit Officer, On 28-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-22 |
| 25 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 28-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-23 |
| 26 | ലൈഫ് ഭവന പദ്ധതി- ധനസഹായ ഗഡുക്കളുടെ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കാനാവുന്ന രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-24 |
| 27 | തൊഴിലുറപ്പ് പദ്ധതി- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: Benny Mathew (Auditor, On 01-07-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | യഥാർഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ചു<br>Written By: M.K.Abhilash (Asst. Audit Officer, On 30-07-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-1 |
| 2 | സ്റ്റീൽ ട്രസ്സ് നിർമ്മാണ പ്രവർത്തികൾക്ക് അധികം തുക നൽകി<br>Written By: V G Sajimon (Audit Officer, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 3-2 |
| 3 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് ജി.എസ്. റ്റി നഷ്ടപരിഹാര തുക അനുവദിച്ച് നൽകി<br>Written By: V G Sajimon (Audit Officer, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 3-3 |
| 4 | ഗ്ലെൻമേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ -അധികതുക അനുവദിച്ചു (26/20-21)<br>Written By: V G Sajimon (Audit Officer, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 3-4 |
| 5 | പരുന്തുംപാറ റിഫ്രഷ്മെന്റ് സെന്റർ സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി<br>Written By: V G Sajimon (Audit Officer, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 3-5 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ<br>Written By: Benny Mathew (Auditor, On 23-06-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 21-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 2/12.03.2020 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1/18.03.2020 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം/തീയതി | 1(1)/17.02.2021 |
| പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത മുന്നിരിപ്പ് | ₹62732179 |
| പുതക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | ₹258807500 |
| പ്രതീക്ഷിത ചെലവ് | ₹313691679 |
| നീക്കിയിരിപ്പ് | ₹7848000 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 31.07.2021 | -- | -- |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 24745500 | 24745500 | 24447688 | 297812 |
| | എസ്.സി.പി | 0 | 19713000 | 19713000 | 18745576 | 967424 |
| | റ്റി.എസ്.പി | 0 | 183375 | 183375 | 177470 | 5905 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 30137080 | 30137080 | 12820373 | 17316707 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 6717000 | 6717000 | 5332729 | 1384271 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് | 0 | 18382000 | 18382000 | 13805398 | 4576602 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 1846993 | 1298207 | 3145200 | 1705661 | 1439539 |
| | ശുചിത്വമിഷൻ | 6309 | 1526539 | 1532848 | 586036 | 946812 |
| | ടോട്ടൽ സാനിട്ടേഷൻ | 246957 | 1136870 | 1383827 | 75000 | 1308827 |
| | SSA | 2797 | 712 | 3509 | 3509 | 0 |
| | ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയ്ൻ | | 170000 | 170000 | 170000 | |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ഫെസ്റ്റിവൽ ഗ്രാന്റ് (ശബരിമല ഗ്രാന്റ്) | 36903 | 400000 | 436903 | 0 | 436903 |
| | വിമുക്തി | 2230 | | 2230 | 0 | 2230 |
| | കമ്പോസ്റ്റ് പിറ്റ് | | 10000 | 10000 | 10000 | |
| | ഇലക്ഷൻ | 0 | 20000 | 20000 | 20000 | |
| | ഗ്രാന്റ്(320300199) | 27830100 | 10210000 | 38040100 | 7336486 | 30703614 |
| | ഗ്രാന്റ് (320200399) | 10680 | | 10680 | 0 | 10680 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസന ഫണ്ട് പൊതുവിഭാഗത്തിൽ ഒന്ന്, മൂന്ന്, നാല് ഗഡുക്കൾ അനുവദിച്ചപ്പോൾ അങ്കണവാടി പ്രതിഫലം, ജവഹർ ഭവന പദ്ധതി ലോൺ മുതൽ തിരിച്ചടവ്, ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം എന്നീയിനങ്ങളിലും എസ്.സി.പി. വിഭാഗത്തിൽ അവസാന രണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം എന്നയിനത്തിലും റ്റി.എസ്.പി. വിഭാഗത്തിൽ മൂന്ന്, നാല് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നയിനത്തിലും റോഡിതര സംരക്ഷണ ഗ്രാന്റ് വിഭാഗത്തിൽ അവസാന രണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് വിഹിതം, വോട്ടിംഗ് മെഷീൻ വിഹിതം എന്നീയിനങ്ങളിലും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ്

സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളും സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

## 1-4 വാർഷിക പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം (%) |
|---|---|---|---|---|---|---|
| 301 | 281483608 | 211 | 94088669 | 0 | 90 | 33.43 |

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 53 | 36 | 36048321 | 24799606 | 68.8 |
| 2. | അസി. സെക്രട്ടറി | 10 | 5 | 7188713 | 4123253 | 57.36 |
| 3. | അസിസ്റ്റന്റ് എൻജിനീയർ | 194 | 143 | 66380612 | 44514095 | 67.06 |
| 4. | കൃഷി ഓഫീസർ | 12 | 5 | 7193308 | 786985 | 10.94 |
| 5. | വെറ്ററിനറി സർജൻ | 4 | 1 | 1185000 | 90000 | 7.59 |
| 6. | വി.ഇ.ഒ | 9 | 7 | 153967384 | 14881000 | 9.67 |
| 7. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 11 | 6 | 2251880 | 936055 | 41.57 |
| 8. | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 1 | 450000 | 400000 | 88.88 |

| | | | | | | |
|---|---|---|---|---|---|---|
| 9. | ഐ.സി.ഡി.എസ്. | 4 | 4 | 6398390 | 3229339 | 50.47 |
| 10. | ഹെഡ്മാസ്റ്റർ | 2 | 2 | 270000 | 178336 | 66.05 |
| 11. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 150000 | 150000 | 100.00 |
| | ആകെ | 301 | 211 | 281483608 | 94088669 | 33.43 |

വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു

- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ വിനിയോഗിച്ചിട്ടുണ്ടെങ്കിലും ഏറ്റെടുത്തവയെല്ലാം ആവർത്തന സ്വഭാവമുള്ള സ്ഥിരം പ്രോജക്ടുകളാണ്.
- ആകെ ആസൂത്രണം ചെയ്ത 301 പ്രോജക്ടുകളിൽ 211 എണ്ണമാണ് നടപ്പാക്കാൻ കഴിഞ്ഞത്. ഇതിൽ ഭൂരിപക്ഷവും മുൻവർഷം ട്രഷറി നിയന്ത്രണം മൂലം തുക പിൻവലിക്കാൻ കഴിയാതെ പോയ പ്രോജക്ടുകളാണ്.
- ഉത്പാദന മേഖലയിലെ ചെലവ് ഏറെ പരിമിതമാണ്. പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസറും വെറ്ററിനറി സർജനും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പ്രകടിപ്പിച്ചിട്ടുള്ള വിമുഖത ഈ മേഖലയിലെ ചെലവ് കുറയുന്നതിന് കാരണമായി. യഥാക്രമം 5, 1 എന്നിങ്ങനെയാണ് അവർ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം.
- 650-ലധികം ഗുണഭോക്താക്കളുമായി ലൈഫ് ഭവന പദ്ധതിയുടെ 2, 3 ഘട്ടങ്ങൾ പുരോഗമിച്ചുവെങ്കിലും രേഖകളുടെ സൂക്ഷിപ്പിലെ അപാകത മൂലം യഥാർത്ഥ ഗുണഭോക്താക്കളുടെ കരങ്ങളിലേക്കാണ് ധനസഹായം എത്തിയതെന്ന് സ്ഥിരീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ വിഷയം സംബന്ധിച്ച പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- അസി. എഞ്ചിനീയർ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നടപടി ക്രമങ്ങൾ പാലിക്കാതിരിക്കുക, തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പടുത്തുക, ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിക്കുക തുടങ്ങിയ കാരണങ്ങളാൽ അധിക ചെലവുണ്ടായത് സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.
- കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിനായി ഏറ്റെടുത്ത പ്രോജക്ടുകൾ കാര്യക്ഷമമായി പൂർത്തീകരിച്ചിട്ടുണ്ട്.
- നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.

. വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2349 | 2272441 | 2274790 | 2271494 | 3296 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48747907 | 48747907 | 48747907 | 0 |

ഭരണ ചെലവുകൾക്കുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻകൂറായി കൈപ്പറ്റുകയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത് വരുന്നതാണ്. തൻവർഷം ₹18,14,575/- തിരിച്ചടച്ചത് സാംഖ്യ സോഫ്റ്റ് വെയറിൽ ₹11,42,897/- എന്ന് ചേർത്തിട്ടുള്ളത് കൊണ്ടാണ് വരവും ചെലവും തമ്മിൽ ₹6,71,578/-യുടെ വ്യത്യാസം വാർഷിക ധനകാര്യ പത്രികയിൽ ഉണ്ടായതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 9 |
| കർഷക തൊഴിലാളി പെൻഷൻ | 2623100 | 148 |
| വിധവ പെൻഷൻ | 17950400 | 1019 |
| വാർദ്ധക്യകാല പെൻഷൻ | 46275300 | 2932 |
| വികലാംഗ പെൻഷൻ | 4424600 | 253 |
| 50 വയസ്സിൽ കൂടുതലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 111900 | 6 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹17,615/- (പതിനേഴായിരത്തി അറുനൂറ്റി പതിനഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം - 3 ക്ലർക്കുമാർ, 5 സീനിയർ ക്ലർക്കമാർ, 2 ഓഫീസ് അറ്റൻഡന്റുമാർ, 3 ഫുൾടൈം

സ്വീപ്പർമാർ, 1 പാർട്ട് ടൈം സ്വീപ്പർ, 1 അക്കൗണ്ടന്റ്, 1 ജൂനിയർ സൂപ്രണ്ട്, 1 അസിസ്റ്റന്റ് സെക്രട്ടറി, 1 സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നതാണ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഭരണ സംവിധാനം. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്.

2. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.

3. ഗ്രാമപഞ്ചായത്ത് 24.09.2020-ലാണ് ILGMS സോഫ്റ്റ്‌വെയറിലൂടെ ഭരണ നിർവഹണം ആരംഭിച്ചത്. പുതിയ സംവിധാനം വിന്യസിച്ചതിലെ ബാലാരിഷ്ടതകൾ ഇപ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിന്റെ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റവെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ILGMS വിന്യസിച്ച് രണ്ടു വർഷങ്ങൾക്കിപ്പുറവും ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്. ILGMS സോഫ്റ്റ്വെയറിലൂടെയുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

4. വസ്തു നികുതി പിരിവ് ആശാവഹമെങ്കിലും കോടതി വ്യവഹാരത്തിലുൾപ്പെട്ട സ്വകാര്യ വിദ്യാഭ്യാസ സമുച്ചയത്തിന്റെ ദശലക്ഷക്കണക്കായ കുടിശ്ശിക ഇനിയും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കേസിന്റെ തുടർ നടത്തിപ്പ് ഊർജ്ജിതമാക്കേണ്ടതാണ്. ഇതര വരുമാന മാർഗ്ഗങ്ങളായ നികുതികളും ഫീസുകളും യഥാവിധി പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിൽ സംഭവിച്ച അപാകതകൾ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

5. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

6. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചത് 24.09.2020 മുതലാണ്. 23.09.2020 വരെ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റ, PDE (Past Data Entry)-യിലൂടെ ILGMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ (എൻ.ആർ.ഇ.ജി.എസ്. ഒഴികെ) ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

2) സാംഖ്യയിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന "അദർ ലയബിലിറ്റീസ് " എന്ന ശീർഷകത്തിലുള്ള

₹40,36,019/- ILGMS-ൽ ബി-4 ഷെഡ്യൂളിലേക്ക് മാറ്റിയിരിക്കുന്നു. ഇത്രയും ഗണ്യമായ തുക ബാദ്ധ്യതയായി തുടരുന്നതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

3) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

4) ധനകാര്യ പത്രികയിൽ, ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ തുകയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ₹33,60,221/-യുടെ പാർട്ട് ബില്ലുകൾ വിവിധ പ്രോജക്ടുകൾക്കായി നൽകിയിട്ടുണ്ട്.

5) വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6) സൗത്ത് ഇൻഡ്യൻ ബാങ്കിലെ 144073000000176, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ 36957763468 എന്നീ നമ്പറുകളിലുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.03.2021 പ്രകാരമുള്ള റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബി-17 പ്രകാരമുള്ള ബാങ്ക് തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

7) പരുന്തുംപാറ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (എസ്.041/2021) എന്ന പദ്ധതിക്കുവേണ്ടി ₹2,17,032/- കെ.എസ്.ഇ.ബി.-യുടെ പീരുമേട് ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിലെ മുൻകൂർ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10 ILGMS – രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകതകൾ

പിരിവിനായി വിവിധ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS-ലെ സ്റ്റോക്കിൽ പ്രാരംഭമായി ഉൾപ്പെടുത്തുകയും തുടർന്ന് അവ പിരിവ് വിഭാഗം ജീവനക്കാർക്കും നി്ർവവഹണ ഉദ്യോഗസ്ഥർക്കും ആനുവദിക്കുമ്പോൾ ILGMS ൽ വിതരണവിവരം രേഖപ്പെടുത്തുകയും ചെയ്യുന്നു. ടി രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനത്തിലോ/ രസീത് തീരുന്നമുറയ്ക്കോ ILGMS-ൽ ക്ലോസ് ചെയ്യേണ്ടതാണ്. എന്നാൽ വിതരണം ചെയ്തവയിൽ ചുവടെ ചേർക്കുന്ന രസീത് ബുക്കുകൾ ക്ലോസ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | രസീത് ബുക്ക് നമ്പർ |
|---|---|
| 1 | 25413 |
| 2 | 25417 |
| 3 | 25415 |
| 4 | 25418 |
| 5 | 25423 |
| 6 | 25426 |

| | |
|---|---|
| 7 | 25436 |
| 8 | 25437 |
| 9 | 25438 |
| 10 | 25419 |

മേൽ രസീത് ബുക്കുകൾ ILGMS-ൽ ക്ലോസ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മാന്വൽ രസീത് ബുക്ക് ക്ലോസ് ചെയ്യുന്നതിനൊപ്പം തന്നെ ILGMS-ലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-10-1 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനും ടെൻഡർ ഫീസുകൾ ഈടാക്കുന്നതിനും നൽകുന്ന രസീത് ബുക്കുകൾ നിലവിൽ ILGMS സ്റ്റോക്കിൽ വരവ്/വിതരണം രേഖപ്പെടുത്തുകയോ രസീത് വഴിയുള്ള വരവ് തുക രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10-2 രസീത് ബുക്ക് നമ്പർ ILGMSൽ തെറ്റായി രേഖപ്പെടുത്തി

ഔട്ട്ഡോർ കളക്ഷനായി വിതരണം ചെയ്ത 25415 (11.10.2021) എന്ന രസീത് ബുക്ക് ILGMS ൽ '254151' എന്ന നമ്പരിലാണ് വരവിലെടുത്തത്. ഇപ്രകാരം തെറ്റായി നമ്പർ നൽകി 1 മുതൽ 37 വരെയുള്ള രസീതുകൾ ഉപയോഗിച്ച് പിരിവ് നടത്തിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/22.06.2022) സമർപ്പിച്ച മറുപടിയിൽ ILGMS വിന്യസിച്ച സമയത്ത് ഉണ്ടായ ക്ലറിക്കൽ പിശക് മൂലമാണ് പ്രസ്തുത അപാകത ഉണ്ടായതെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. മേൽ അപാകത ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മേൽ രസീത് ബുക്ക് മാന്വലായും സോഫ്റ്റ് വെയറിലും ക്ലോസ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-11 ILGMS വിന്യസിച്ച ശേഷവും ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ കളക്ഷൻ തുകകൾ രേഖപ്പെടുത്തി

ILGMS പ്രാബല്യത്തിൽ ആയതിനാൽ ഔട്ട്ഡോർ കളക്ഷനായി വരുന്ന തുകകൾ അതത് ദിവസം ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ രേഖപ്പെടുത്തുകയും ശേഷം ഡീറ്റെയിൽഡ് രസീതായി അതേ ദിവസം പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ആദ്യം രേഖപ്പെടുത്തിയ രസീത് ക്യാൻസൽ ആകുകയും ആയത് അതത് ഇനങ്ങളിലേക്കു പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു (ഉദാ. കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ഫ്രണ്ട് ഓഫിസിൽ വസ്തുനികുതി എന്ന ശീർഷകത്തിൽ പിരിക്കുന്ന തുകയുടെ രസീതുകൾ എല്ലാം അതത് കെട്ടിട നമ്പരിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ 'ഔട്ട് ഡോർ കളക്ഷൻ' എന്ന ഹെഡിൽ വരവിലെടുത്ത രസീത് ക്യാൻസെൽ ചെയ്തു പോകുന്നു). എന്നാൽ പീരുമേട് പഞ്ചായത്തിൽ ILGMS വിന്യസിച്ച 24.09.2020-ന് ശേഷം 07.01.2022 മുതൽ മാത്രമാണ് മേൽ രീതിയിൽ ഔട്ട്ഡോർ കളക്ഷൻ 'ഡീറ്റെയിൽഡ് രസീത്' ആയി രേഖപ്പെടുത്തി വരുന്നത്. 07.01.2022 എന്ന തീയതിക്ക് മുമ്പുള്ള ചുവടെ ചേർക്കുന്ന വരവ് തുകകൾ പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി "ഔട്ട്ഡോർ കളക്ഷൻ " എന്ന പേരിൽ നിലവിലും ILGMS -ൽ രേഖപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| 1 | 1200101760 | 04.02.2021 | 3417 |
| 2 | 1200101787 | 05.02.2021 | 12127 |
| 3 | 1200101794 | 06.02.2021 | 1752 |
| 4 | 1200101868 | 08.02.2021 | 124 |
| 5 | 1200101927 | 11.02.2021 | 7786 |
| 6 | 1200101967 | 12.02.2021 | 6540 |
| 7 | 1200102063 | 15.02.2021 | 2461 |
| 8 | 1200102066 | 15.02.2021 | 2908 |
| 9 | 1200102067 | 16.02.2021 | 5893 |
| 10 | 1200102110 | 16.02.2021 | 1068 |
| 11 | 1200102111 | 16.02.2021 | 16235 |
| 12 | 1200102112 | 16.02.2021 | 1715 |
| 13 | 1200102115 | 17.02.2021 | 656 |
| 14 | 1200102147 | 17.02.2021 | 10456 |
| 15 | 1200102148 | 17.02.2021 | 579 |
| 16 | 1200102150 | 18.02.2021 | 4054 |
| 17 | 1200102160 | 18.02.2021 | 20557 |
| 18 | 1200102161 | 18.02.2021 | 753 |
| 19 | 1200102180 | 19.02.2021 | 3003 |
| 20 | 1200102196 | 19.02.2021 | 10417 |
| 21 | 1200102197 | 19.02.2021 | 1299 |
| 22 | 1200102212 | 20.02.2021 | 2414 |
| 23 | 1200102213 | 20.02.2021 | 10356 |
| 24 | 1200102322 | 24.02.2021 | 18065 |
| 25 | 1200102348 | 24.02.2021 | 191087 (Credited @ Bank Column) |
| 26 | 1200102361 | 25.02.2021 | 1997 |
| 27 | 1200102413 | 26.02.2021 | 7088 |
| 28 | 1200102415 | 26.02.2021 | 2358 |
| 29 | 1200102533 | 27.02.2021 | 11305 |

| | | | |
|---|---|---|---|
| 30 | 1200102536 | 27.02.2021 | 3073 |
| 31 | 1200102557 | 01.03.2021 | 6414 |
| 32 | 1200102563 | 01.03.2021 | 29420 |
| 33 | 1200102567 | 01.03.2021 | 5374 |
| 34 | 1200102568 | 01.03.2021 | 8809 |
| 35 | 1200102641 | 10.03.2021 | 7948 |
| 36 | 1200102661 | 10.03.2021 | 6824 |
| 37 | 1200102678 | 10.03.2021 | 5472 |
| 38 | 1200102679 | 10.03.2021 | 15347 |
| 39 | 1200102680 | 10.03.2021 | 7806 |
| 40 | 1200102692 | 12.03.2021 | 5382 |
| 41 | 1200102705 | 12.03.2021 | 7366 |
| 42 | 1200102706 | 12.03.2021 | 9844 |
| 43 | 1200102736 | 15.03.2021 | 11424 |
| 44 | 1200102737 | 15.03.2021 | 5883 |
| 45 | 1200102742 | 16.03.2021 | 4549 |
| 46 | 1200102936 | 18.03.2021 | 3678 |
| 47 | 1200102940 | 18.03.2021 | 6706 |
| 48 | 1200102977 | 19.03.2021 | 4358 |
| 49 | 1200102991 | 19.03.2021 | 107 |
| 50 | 1200103024 | 20.03.2021 | 456 |
| 51 | 1200103048 | 22.03.2021 | 1633 |
| 52 | 1200103049 | 22.03.2021 | 9507 |
| 53 | 1200103050 | 23.03.2021 | 2433 |
| 54 | 1200103060 | 23.03.2021 | 3276 |
| 55 | 1200103090 | 24.03.2021 | 88 |
| 56 | 1200103157 | 25.03.2021 | 12222 |
| 57 | 1200103159 | 25.03.2021 | 1997 |
| 58 | 1200103161 | 25.03.2021 | 14504 |
| 59 | 1200103207 | 27.03.2021 | 3132 |

| | | | |
|---|---|---|---|
| 60 | 1200103243 | 29.03.2021 | 159 |
| 61 | 1200103244 | 29.03.2021 | 992 |
| 62 | 1200103245 | 29.03.2021 | 4431 |
| 63 | 1200103249 | 29.03.2021 | 10739 |
| 64 | 1200103250 | 29.03.2021 | 863 |
| 65 | 1200103254 | 29.03.2021 | 4423 |
| 66 | 1200103263 | 30.03.2021 | 934 |
| 67 | 1200103311 | 30.03.2021 | 7644 |
| 68 | 1200103325 | 31.03.2021 | 4015 |
| 69 | 1200103367 | 31.03.2021 | 1566 |
| 70 | 1210100273 | 31.05.2021 | 500 |
| 71 | 1210100776 | 28.07.2021 | 45928 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/23.06.2022) സമർപ്പിച്ച മറുപടിയിൽ " ഫ്രണ്ട് ഓഫീസിൽ മാനുവൽ രസീത് നൽകി പിരിച്ചെടുക്കുന്ന തുകകൾ ഔട്ട് ഡോർ കളക്ഷൻ എന്ന പേരിൽ രേഖപ്പെടുത്താനാണ് നിർദ്ദേശമുള്ളതെന്ന് " സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രാഥമികമായി ചെയ്യേണ്ട നടപടി എന്ന നിലയിൽ പ്രസ്തുത മറുപടി ഭാഗികമായി ശരിയാണ്. എന്നാൽ ഔട്ട് ഡോർ കളക്ഷൻ എന്ന പേരിൽ രേഖപ്പെടുത്തുന്ന മുഴുവൻ തുകയും അതത് ശീർഷകങ്ങളിൽ പോസ്റ്റ് ചെയ്താൽ മാത്രമാണ് ILGMS -ലെ അക്കൗണ്ടിംഗ് ക്രമീകരണം പൂർത്തിയാവുന്നത്. അക്കൗണ്ടിംഗ് പാതിവഴിയിൽ അവസാനിപ്പിക്കുന്നത് അതത് സോഫ്റ്റ് വെയറുകളിൽ ക്രോഡീകരിക്കുന്ന വരവിനങ്ങളുടെ കണക്കുകളിലെ കൃത്യതയ്ക്ക് ഭംഗം വരുത്തുമെന്നതിനാൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ വരവു തുകകൾ പോസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ ₹9534/- ബാലൻസായി നിലനിൽക്കുന്നു

ഔട്ട്ഡോർ കളക്ഷനായി വരുന്ന തുകകൾ 'Outdoor Collection Control Account' എന്ന ഹെഡിൽ രേഖപ്പെടുത്തുകയും തുടർന്ന് അതേ ദിവസം തന്നെ മാനുവൽ രസീതുകൾ അതത് വരവിനങ്ങളിലേക്ക് ഡീറ്റെയിൽഡ് രസീത് ആയി പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. അങ്ങനെ ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ വരുന്ന തുകകൾ പേയ്മെന്റ് ആകുകയും വരവ്, പേയ്മെന്റ് എന്നിവ പൊരുത്തപ്പെടുകയും ചെയ്യുന്നു. എന്നാൽ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ വരവായി എടുത്തിരിക്കുന്ന ഔട്ട്ഡോർ കളക്ഷൻ തുകകൾ ഡീറ്റെയിൽഡ് രസീത് ആയി പേയ്മെന്റ് രേഖപ്പെടുത്താതെ നിലവിലുണ്ട്.

| നം. | ഔട്ട്ഡോർ കളക്ഷൻ തുക (₹) | തീയതി |
|---|---|---|
| 1 | 334 | 06.01.2022 |
| 2 | 6155 | 12.01.2022 |

| | | |
|---|---|---|
| 3 | 3045 | 15.01.2022 |
| | ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | ₹9534/- |

ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിലുള്ള മേൽ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/22.06.2022) നൽകിയ മറുപടിയിൽ മേൽ കളക്ഷൻ വഴി ലഭിച്ച തുക സഞ്ചയയിൽ പോസ്റ്റിംഗ് വന്നിട്ടുണ്ടെന്നും പ്രസ്തുത സോഫ്റ്റ് വെയർ അപാകത ഐ.കെ.എം-നെ അറിയിച്ച് പരിഹരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-13 ഒരേ രസീത് ഉപയോഗിച്ച് ഒന്നിലധികം ഇനങ്ങളിൽ വരവ് രേഖപ്പെടുത്തി

2020-21 വർഷത്തെ ഡേ ബുക്ക് പരിശോധനയിൽ ഒരേ രസീത് പ്രകാരം ഒന്നിലധികം ഇനങ്ങളിൽ വരവ് വന്നുവെന്ന് കാണുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം. | രസീത് നമ്പർ | തീയതി | ഇനം | തുക | |
|---|---|---|---|---|---|
| | | | | Cash | Bank |
| 1 | 1200103367 | 31.03.2021 | വസ്തു നികുതി | 0 | 461461 |
| | 1200103367 | 31.03.2021 | ഔട്ട് ഡോർ കളക്ഷൻ | 1566 | 0 |
| 2 | 1200103368 | 31.03.2021 | തൊഴിൽ നികുതി | 1250 | 0 |
| | 1200103368 | 31.03.2021 | അദർ ഫീസ് | 0 | 3629 |
| 3 | 1200103369 | 31.03.2021 | വസ്തു നികുതി | 0 | 448 |
| | 1200103369 | 31.03.2021 | ഗ്രാന്റ് വരവ് | 0 | 20000 |
| 4 | 1200103371 | 31.03.2021 | ഗ്രാന്റ് വരവ് | 0 | 10000 |
| | 1200103371 | 31.03.2021 | വസ്തു നികുതി | 0 | 1690 |

രസീത് ഇരട്ടിപ്പിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/22.06.2022) സമർപ്പിച്ച മറുപടിയിൽ ILGMS സോഫ്റ്റ് വെയർ തകരാർ മൂലമാണ് ഇത്തരം അപാകതകൾ ഉണ്ടായതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. IKM-മായി ബന്ധപ്പെട്ട് മേൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-14 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ₹3200/- ഒടുക്ക് വരുത്തി

2017-ലെ കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് ഭേദഗതി ചട്ടങ്ങൾ (GO(P)No.80/2017/LSGD Dtd 31.10.2017 പ്രകാരം പുറപ്പെടുവിച്ചത്) പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ ലൈസൻസ് അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല.

കുറവ്

| നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | മൂലധന നിക്ഷേപം | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് ർ |
|---|---|---|---|---|---|---|
| 1 | ഗ്ലെൻവ്യൂ ടീ കമ്പനി, കുട്ടിക്കാനം | 16/347 F | 338 ലക്ഷം | 5000 | 2000 | 3000 |
| 2 | സേവനാലയം റൂറൽ ഹെൽത്ത് സെന്റർ | 11/476 | 22 ലക്ഷം | 1000 | 800 | 200 |
| | ആകെ നഷ്ടം | | | | | 3200 |

ഇത് സംബന്ധിച്ച് 22.06.2022-ൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കുറവ് വന്ന തുക ഈടാക്കി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നടപടി അംഗീകരിക്കുന്നു.

31.10.2017-ലെ FACTEOS ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പാലിച്ചാണ് പഞ്ചായത്തിലെ എല്ലാ അപേക്ഷകളിലും ലൈസൻസ് ഫീ ഈടാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

1-15 കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല

പീരുമേട് ഗ്രാമപഞ്ചായത്തിലെ 17/514 എന്ന കെട്ടിട നമ്പരിൽ ഷാജി എൻ കുരുവിള, അംപ്രയിൽ, തിരുവല്ല എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മൂൺപാലസ് സർവീസ് വില്ല, കുട്ടിക്കാനം എന്ന ഹോം സ്റ്റേ- യുടെ പ്ലിന്ത് ഏരിയ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം 45 ചതുരശ്ര മീറ്റർ ആണ്. പ്രസ്തുത കെട്ടിടത്തിന്റെ 2020-21 വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷയ്ക്കൊപ്പം സമർപ്പിച്ച എക്സിസ്റ്റിംഗ് & പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാനിൽ, നിലവിലുള്ള കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 160.14 (GF – 78.2 + Cellar Floor – 81.94) ചതുരശ്ര മീറ്ററാണെന്നും സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഹോം സ്റ്റേ-യ്ക്ക് ഉപയോഗിക്കുന്ന 6 കെട്ടിടങ്ങളുണ്ട് എന്നും സൂചിപ്പിക്കുന്നുണ്ട്. (ലൈസൻസ് അപേക്ഷയോടൊപ്പമുള്ള രേഖകളിൽ സെക്രട്ടറി അംഗീകരിച്ച് നൽകിയ 228.65 സ്ക്വയർ മീറ്ററിന്റെ ബിൽഡിംഗ് എക്സ്റ്റൻഷൻ പ്ലാൻ കൂടിയുണ്ട്). ഇതിൽ നിന്നും ടിയാന്റെ അധീനതയിലുള്ള മൂൺപാലസ് സർവീസ് വില്ല കുട്ടിക്കാനം എന്ന ഹോം സ്റ്റേ-യിലെ യഥാർത്ഥത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയയ്ക്ക് അനുസൃതമായ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല എന്നും ലൈസൻസ് അപേക്ഷകളിന്മേൽ നടത്തേണ്ട സ്ഥലപരിശോധനയിൽ അധിക കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടോയെന്ന് ഉറപ്പാക്കാത്തതാണ് ഈ അപാകതയ്ക്ക് കാരണം എന്നും വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/23.06.2022) പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസിനായി വരുന്ന അപേക്ഷകളിന്മേൽ ആവശ്യമായ സ്ഥലപരിശോധന നടത്തി അധിക കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൂടാതെ മൂൺപാലസ് സർവീസ് വില്ല കുട്ടിക്കാനം എന്ന ഹോം സ്റ്റേ-യുടെ പ്ലിന്ത് ഏരിയയ്ക്ക് അനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-16 ഇ-ടെണ്ടർ ഫോറ വില, നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2020-21 | 12 | 56997 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-17 യഥാർത്ഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ചു

2020-21 വർഷം വിവിധ ഫണ്ടുകൾ വിനിയോഗിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ യഥാർത്ഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുട്ടിക്കാനം സ്ത്രീ ശാക്തികരണ നിലയം -രണ്ടാം ഘട്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 150/20-21 |
| അടങ്കൽ | ₹12,48,600/- (വികസന ഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. ശിവരാജൻ ബി. |
| എം. ബുക്ക് നമ്പർ | 807/2019-20<br>521/2019-20 |
| ചെലവ് വിവരം | |
| ബിൽ റഫറൻസ് നമ്പർ,തീയതി,തുക ₹ | 20100252014001415141<br>29.03.2021<br>₹4,57,336/- |
| | 20100252014000278000<br>22.06.2020<br>₹1,96,216/- |
| | 20100252014000277996 |

| | |
|---|---|
| | 22.06.2020,<br>₹4,92,800/- |
| കരാർ നം. | 96/AE/LSGD/PMD/2019-20, തീയതി. 13.01.2020 |

ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള സ്ഥല പരിശോധനയിൽ എം ബുക്ക് നം. 807/2019-20 പേജ് നം. 56-ൽ ഇനം നം. 19 ആയി രേഖപ്പെടുത്തിയിരിക്കുന്ന 13.45.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Finishing Walls With Textured Exterior Paint എന്ന പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. ചെയ്യാത്ത പ്രസ്തുത പ്രവൃത്തിക്കായി ₹77,125/-അനുവദിച്ച് നൽകി.

| ഇനം | ചെയ്തതായി രേഖപ്പെടുത്തിയ അളവ് | അനുവദിച്ച നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| 13.45.1<br>Finishing Walls With Textured Exterior Paint Of Required Shade. New Work(Two Or More Coats Applied @3.28 Lts/10 Sqm)over And Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm | 334.468 എം.$^2$ | 205.884/എം.$^2$ | 68861.61 + 12% ജി.എസ്.ടി-8263.39 ആകെ അധികം നൽകിയത് – 77125/- |
| ആകെ നഷ്ടം | | | 77125 |

2. വാർഡ്-6, റാണിമുടി വനിത കാർഷിക വിപണന കേന്ദ്രം-രണ്ടാം ഘട്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 149/2020-21 |
| അടങ്കൽ | ₹4,75,000/- (വികസന ഫണ്ട് ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. ശെൽവൻ ടി. |
| എം ബുക്ക് നമ്പർ | 752/2019-20<br>278/2020-21 |
| ചെലവ് വിവരം | |
| ബിൽ റഫറൻസ് നമ്പർ,തീയതി,തുക ₹ | 20100252014001369367<br>26.03.2021,<br>₹1,50,305/- |
| | 20100252014000278005<br>22.06.2020,<br>₹2,86,276/- |
| കരാർ നം. | 85/AE/LSGD/PMD/2019-20, തീയതി. 05.12.2019 |

അളവ് ബുക്ക് നം. 752/2019-20-ൽ പേജ് നം. 16, ഇനം നം. 4-ലെ സ്പെസിഫിക്കേഷൻ 13.44.1 പ്രകാരമുള്ള Finishing Walls With Water Proofing Cement Paint Of Required Shade. New Work (Two Or More Coats Applied

@3.84Kg/10 Sqm) എന്ന സിമന്റ് പെയിന്റിംഗിനായി Priming Coat-ന് 243.644 ന് ₹80.489/$M^2$ എന്ന നിരക്കിൽ ₹19,610.66/- നൽകിയിരിക്കുന്നു.

പ്രസ്തുത അളവ് ബുക്കിലെ ഇനം. നം. 5 ആയി 13.45.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Finishing Walls With Textured Exterior Paint Of Required Shade. New Work (Two Or More Coat Applied @3.28 Lts/10Sqm) Over And Including Priming Coat Of Exterior Primer Applied @2.20kg/10 Sqm ഇനം ഉൾപ്പെടുത്തി 165.918 $M^2$-ന് ₹206.22/$M^2$ നിരക്കിൽ ₹34,232.10/- നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ Priming Coat-ഉം ഉൾപ്പെടുന്നതാണ്.

ഇനം. നം. 4 ആയിട്ടുള്ള 243.644 $M^2$ ന് പ്രൈമിംഗ് കോട്ട് എന്ന ഇനത്തിൽ ഇനം നമ്പർ 5 ആയി ചെയ്ത 165.918 $M^2$ – ഉം ഉൾപ്പെടുന്നതാണ്. 165.918 $M^2$ പെയിന്റിംഗ് ഇനത്തിൽ Prime Coat – ഉം ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ 165.98 $M^2$ Prime Coat ന് ഇനം. 4 ആയി നൽകിയ തുക അംഗീകരിക്കുന്നതല്ല.

അധികം നൽകിയ തുക

| | |
|---|---|
| അനുവദിച്ച അളവ്/നിരക്ക്<br>165.918 $M^2$ / ₹80.48/$M^2$ = | ₹13353.08 |
| (+) 12% ജി.എസ്.ടി | ₹1602.36 |
| ആകെ | ₹14955 |

3. <u>തെപ്പക്കുളം സ്ത്രീശാക്തികരണ നിലയം നിർമ്മാണം</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 189/20-21 |
| അടങ്കൽ | ₹4,00,000/- (വികസന ഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. സിറാജ് പി. റഹീം |
| എം. ബുക്ക് നമ്പർ | 648/2019-20 |
| <u>ചെലവ് വിവരം</u> | |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക ₹ | 19100252014001402051/തീ.04.03.2020, ₹3,99,256/-<br>ക്യു-ബിൽ നം.-44/14.05.2020 |
| കരാർ നം. | 28/AE/LSGD/PMD/2019-20, തീയതി. 11.11.2019 |

പ്രസ്തുത പ്രവൃത്തിയിൽ അളവ് പുസ്തക നം. 648/2019-20-ൽ പേജ് നം. 36, ഇനം നം. 6, സ്പെസിഫിക്കേഷൻ 13.45.1 പ്രകാരമുള്ള Finishing Walls With Textured Exterior Paint Of Required Shade.New Work (Two Or More Coats Applied@ 3.28 Lts/10 Sqm)over And Including Priming Coat Of Exterior Primer Applied @2.20 Kg/10 Sqm എന്ന 163.813 $M^2$ പ്രവൃത്തിക്കായി ₹142.84/- നിരക്കിൽ ₹23,399/- നൽകിയിട്ടുണ്ട്. ഈ ഇനത്തിനുള്ള നിരക്കിൽ

Including Priming Coat Of Exterior Primer ഉൾപ്പട്ടിട്ടുള്ളതാണെന്നിരിക്കെ എം. ബുക്ക് നം. 648/2019-20-ൽ പേജ് നം. 36 ഇനം നം. 5, സ്പെസിഫിക്കേഷൻ 13.44.1 പ്രകാരമുള്ള Finishing Walls With Water Proofing Cement Paint Of Required Shade.New Work (Two Or More Coats Applied @3.84 Kg/10 Sqm) എന്ന സിമന്റ് പെയിന്റിംഗ് ഇനത്തിന് ₹16,043/- അനുവദിച്ച് നൽകിയത് അംഗീകരിക്കുന്നില്ല.

അധികം നൽകിയ തുക

| | |
|---|---|
| അനുവദിച്ച അളവ്/നിരക്ക്<br>163.813 $M^2$ / ₹87.44/ $M^2$ = | ₹14323.81 |
| 14323.81 (+) 12% ജി.എസ്.ടി | ₹1718.85 |
| ആകെ | ₹16043 |

4. തെപ്പക്കുളം പുതുവൽ കമ്മ്യൂണിറ്റി ഹാൾ നവീകരണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 347/2020-21 |
| അടങ്കൽ | ₹1,82,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| കോൺട്രാക്ടർ | ശ്രീ. സ്റ്റീഫൻ ജോസഫ് |
| എം. ബുക്ക് നമ്പർഅധികം നൽകിയ തുക | 850/2019-20 |
| ചെലവ് വിവരം | |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 20100252014000390149/തീ. 03.08.20, ₹1,81,597/- |
| കരാർ നം. | 113/AE/LSGD/PMD/2019-20, തീയതി. 11.11.2019 |

പ്രസ്തുത പ്രവൃത്തിയിൽ അളവ് പുസ്തക നം. 850/2019-20-ൽ , പേജ് നം. 8, ഇനം നം. 2 , സ്പെസിഫിക്കേഷൻ 13.45.1 പ്രകാരമുള്ള Finishing Walls With Textured Exterior Paint Of Required Shade. New Work (Two Or More Coats Applied @3.28 Lts/10 Sqm) Over And Including Priming Coat Of Exterior Primer Applied @2.20 Kg/10 Sqm എന്ന 432.30 $M^2$ പ്രവൃത്തിക്കായി ₹224.03/- നിരക്കിൽ ₹96,848.16/- നൽകിയിട്ടുണ്ട്. ഈ ഇനത്തിനുള്ള നിരക്കിൽ Including Priming Coat Of Exterior Primer ഉൾപ്പെട്ടിട്ടുള്ളതാണെന്നിരിക്കെ എം. ബുക്ക് പേജ് നം. 8 ഇനം നം. 1, സ്പെസിഫിക്കേഷൻ 13.44.1 പ്രകാരമുള്ള Finishing Walls With Water Proofing Cement Paint Of Required Shade. New Work (Two Or More Coats Applied@ 3.84 Kg/10 Sqm) എന്ന സിമന്റ് പെയിന്റിംഗ് ഇനവും അനുവദിച്ച് ₹42,336/- നൽകിയത് അംഗീകരിക്കുന്നില്ല.

അധികം നൽകിയ തുക

| | |
|---|---|
| അനുവദിച്ച അളവ്/നിരക്ക്<br>432.30 $M^2$ / ₹87.44/$M^2$ = | ₹37800.32 |

| | |
|---|---|
| 37800.32 + 12% ജി.എസ്.ടി | ₹4536.03 |
| ആകെ | ₹42,336 |

മുൻ ഖണ്ഡികകളിൽ അധികം നൽകിയതായി പരാമർശിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 സ്റ്റീൽ ട്രസ് നിർമാണ പ്രവൃത്തികൾക്ക് അധികം തുക നൽകി

തൻവർഷം അസി. എൻജിനിയർ നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിലെ ട്രസ്സ് നിർമ്മാണ പ്രവൃത്തികൾക്ക് 2016-ലെ DSR പ്രകാരമുള്ള നിരക്കിന് പകരം അധികം നിരക്ക് നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പീരുമേട് സ്ത്രീ ശാക്തികരണ നിലയം പൂർത്തികരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 304/2020-21, 209/19-20 |
| അടങ്കൽ | ₹5,78,400/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| കോൺട്രാക്ടർ | ശ്രീ. സന്തോഷ് കെ. എൻ |
| എം. ബുക്ക് നമ്പർ | 360/2020-21 |
| ചെലവ് വിവരം | |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 20100252014000715119/തീ. 10.11.2020<br>₹57,8331/- |
| കരാർ നം. | 124/AE/LSGD/PMD/2019-20, തീയതി. 17.12.2020 |

പദ്ധതി നിർവ്വഹണത്തിനായി 2016-ലെ ഡി.എസ്.ആർ 10.16.1 സ്പെസിഫിക്കേഷൻ Steel Work Built Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc Including Cutting,hoisting,fixing In Position And Applying A Priming Coat Of Approved Steel Primer,including Welding And Bolted With Special Shaped Washers Etc Complete പ്രകാരം ആകെ 2082.68 കിലോ ഗ്രാം സ്റ്റീൽ ഉപയോഗിക്കുകയും ഇതിനായി ₹134.19/കി.ഗ്രാം നിരക്കിൽ തുക അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ ആകെ ഉപയോഗിച്ച 2082.68 കിലോ ഗ്രാം സ്റ്റീലിൽ 982.169 കി.ഗ്രാം ഉപയോഗിച്ചിരിക്കുന്നത് എം ബുക്ക് പേജ് നമ്പർ 4,10 പ്രകാരം പർലിൻ ഇനത്തിനായാണ്. പർലിൻ ഇനത്തിന് നൽകാവുന്ന നിരക്ക് 2016 പ്രൈസിലെ സ്പെസിഫിക്കേഷൻ 50.10.2 പ്രകാരമുള്ള ₹121.27/കി.ഗ്രാം ആണ്.

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹81.55 (OHC ഉൾപ്പെടെ) |
| കോസ്റ്റ് ഇൻഡക്സ്-48.71% | ₹39.72 |
| ആകെ | ₹121.27 |

നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Description |
|---|
| 50.10.2<br><br>Steel Work For Purlin With GI Pipes Including Cutting ,Hoisting,fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc Complete |

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് (പർലിൻ നിർമാണം) | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 982.169 കി.ഗ്രാം | 982.169x 134.19 =131797.25 | 982.169x 121.27 =119107.63 | 12689.62<br><br>(+)12% GST<br><br>1522.75<br><br>=14212. |

അധികം നൽകിയ തുക – ₹14,212/-

2. കച്ചേരിക്കുന്ന് അങ്കണവാടി അറ്റകുറ്റപ്പണി-ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 103/2020-21, 211/19-20 |
| അടങ്കൽ | ₹7,25,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കോൺട്രാക്ടർ | ശ്രീ. വിഷ്ണു സുരേഷ് |
| എം. ബുക്ക് നമ്പർ | 699/2018-19<br><br>646/2018-19 |
| ചെലവ് വിവരം | |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 19100252014000190859/തീ. 05.04.2019<br><br>₹83,745/-<br><br>ക്യു ബിൽ<br><br>103/2020-21-<br><br>104/2020-21- |
| കരാർ നം. | /AE/LSGD/PMD/2019-20, തീയതി. 17.12.2020 |

പദ്ധതി നിർവ്വഹണത്തിനായി 2016-ലെ ഡി.എസ്.ആർ 10.16.1 സ്പെസിഫിക്കേഷൻ പ്രകാരം ആകെ 1672.531 കിലോ ഗ്രാം സ്റ്റീൽ ഉപയോഗിക്കുകയും ഇതിനായി ₹139.66/കി.ഗ്രാം നിരക്കിൽ തുക അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ ഉപയോഗിച്ച 1672.531 കിലോ ഗ്രാം സ്റ്റീലിൽ 374.48 കി.ഗ്രാം (എം ബുക്ക് നം 699 പേജ് 18, കോസ്റ്റ്

ഇൻഡക്സ്-54.9) ഉപയോഗിച്ചിരിക്കുന്നത് പർലിൻ ഇനത്തിനായാണ്. പർലിൻ ഇനത്തിന് നൽകാവുന്ന നിരക്ക് 2016-ലെ പ്രൈസിലെ സ്പെസിഫിക്കേഷൻ 50.10.2 പ്രകാരം ₹126.32/കി.ഗ്രാം ആണ്.

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹81.55/- (OHC ഉൾപ്പെടെ) |
| കോസ്റ്റ് ഇൻഡക്സ്-54.9% | ₹44.77 |
| ആകെ | ₹126.32 |

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Description |
|---|
| 50.10.2<br>Steel Work For Purllin With GI Pipes Including Cutting ,Hoisting,fixing In Position And Applying A<br>Priming Coat Of Approved Steel Primer,including Welding And Bolted With Special Shaped Washers Etc Complete |

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് (പർലിൻ നിർമാണം) | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 374.748 കി.ഗ്രാം | 374.748x 139.79 =52386.02 | 374.748x 126.32 =47338.16 | 5047.86<br>GST-ഇല്ല.<br>5048 |

അധികം നൽകിയ തുക - ₹5,048/-

മേൽ ഖണ്ഡികകളിൽ അധികം നൽകിയതായി പരാമർശിക്കുന്ന തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് ജി.എസ്.ടി നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 293/2020-21 , വാർഡ്-17<br>സുബമ്മ-പോത്തുപാറ നടപ്പാത |
| അടങ്കൽ | ₹49,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| കൺവീനർ | ശ്രീ. മജ്ജു സി.കെ |
| എം. ബുക്ക് നമ്പർ | 476/2020-21 |
| ചെലവ് വിവരം | |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 201002520140004352 47/തീ. 18.08.2020<br><br>₹48,293/- |
| കരാർ നം. | 77/AE/LSGD/PMD/2019-20, തീയതി. 04.12.2019 |

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ, ചെയർമാൻ എന്നിവർക്ക് ജി. എസ്. ടി. രജിസ്ട്രേഷൻ ഇല്ലാതിരിക്കെ, അന്തിമബിൽ തയ്യാറാക്കി 12% ജി.എസ്.ടി അനുവദിച്ച് നൽകിയതുമൂലം ₹7,595/- കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. ഓവർ ഹെഡ് ചാർജ്ജിനത്തിൽ 5.0% കൂടി അന്തിമ ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നെങ്കിലും പ്രസ്തുത തുകയും കുറവ് വരുത്താതെ കൺവീനർക്ക് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക<br><br>₹ | നൽകാവുന്ന തുക<br><br>₹ |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 43118 | 43118 |
| (+) 12 % ജി.എസ്.ടി | 5174 | - |
| | 48293 | 43118 |
| (-) 5.0% - ഓവർ ഹെഡ് ചാർജ് | - | 2156 |
| | 48293 | 40962 |
| (-) ആദായനികുതി - | 483 | 820 |
| (-) നിർമാണ തൊഴിലാളി<br><br>ക്ഷേമനിധി - 1% | 483 | 410 |
| ആകെ | 47327/- | 39732/- |
| കൺവീനർക്ക് അധികം നല്കിയ തുക | ₹7595/- | |

അധികം നൽകിയത് ₹7,595/-

അധികം നൽകിയ ₹7,595/- ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23.06.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 ഗ്ലെൻമേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 269/20-21 |
| അടങ്കൽ | ₹3,82,401/- (വികസന ഫണ്ട് – എസ്.സി.പി) |
| കോൺട്രാക്ടർ | ശ്രീ. വിഷ്ണു സുരേഷ് |
| എം. ബുക്ക് നമ്പർ | 821/2019-20 |

| | | |
|---|---|---|
| ചെലവ് വിവരം | | |
| ബിൽ റഫറൻസ് നമ്പർ | 20100252014000028770/തീ. 11.04.2020, ₹192020/- | |
| | ₹134369/- | |
| കരാർ നം. | 102/AE/LSGD/PMD/2019-20, തീയതി. 21.01.2020 | |

പ്രസ്തുത കുടിവെള്ള പദ്ധതിക്കായി കുളത്തിൽ നിന്നും ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നതിന് 300 മീറ്റർ നീളത്തിൽ 40 എം.എം. ജി.ഐ പൈപ്പ് ട്രെഞ്ചിംഗ് ഇല്ലാതെ സ്ഥാപിച്ചിട്ടുണ്ട്. 2016-ലെ ഡി.എസ്.ആർ സ്പെസിഫിക്കേഷൻ 18.10.5 പ്രകാരമുള്ള ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് അളവു പുസ്തകം പേജ് നമ്പർ 8-ലെ രേഖപ്പെടുത്തലുകൾ പ്രകാരം ₹586.14/മീറ്റർ (₹394.15 അടിസ്ഥാന നിരക്ക് + 48.71% കോസ്റ്റ് ഉൻഡക്സ്) നിരക്കിൽ ₹1,75,842/-നൽകി.

18.10.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനം

Providing And Fixing G.I. Pipes Complete With G.I. Fittings And Clamps,i/c Cutting And Making Good The Walls Etc.Internal Work - Exposed On Wall 40 Mm Dia Nominal Bore Metre

പ്രസ്തുത ഇനം, കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള Internal Work -ന്റെയാണ്.

അളവ് ബുക്ക് പ്രകാരം ചെയ്തിരിക്കുന്ന ട്രെഞ്ചിംഗ് ഇല്ലാതെയുള്ള 40 എം.എം ജി.ഐ പൈപ്പുകൾക്ക് 2016 ലെ ഡി.എസ്.ആർ 18.12.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (External Work,without Trenching And Refilling) ₹363.78/-(₹244.63/-+ 48.71% കോസ്റ്റ് ഇൻഡക്സ് ₹119.15/-) എന്ന നിരക്കാണ് നൽകേണ്ടിയിരുന്നത്.

18.12.5 -ന് അനുവദനീയമായ നിരക്ക് (40 എം.എം.)

| ഇനം | തുക ( ₹) |
|---|---|
| ട്രെഞ്ചിംഗ് ഉൾപ്പെടെയുള്ള നിരക്ക് | 2591.97 |
| (-)ട്രെഞ്ചിംഗ് കൂലി | 485.76 |
| ആകെ | 2106.21 |
| (+)1% വാട്ടർ ചാർജ് | 21.06 |
| | 2127.27 |
| 15% CPOH | 319.09 |
| | 2446.36/10 കിലോ ഗ്രാം |
| 1 കിലോ ഗ്രാമിന്റെ നിരക്ക് | 244.63 |
| കോസ്റ്റ് ഇൻഡക്സ്-48.71% | 119.15 |
| ആകെ | ₹363.78/- |

അധികം തുക നൽകിയതിന്റെ വിവരം

| നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക₹ |
|---|---|---|
| 175842/-<br>(586.14 X300) | 109134/-<br>(363.78 X300) | 66708/-<br>+12%GST=8005<br>74713/- |

അധികം നൽകിയ ₹74,713/- ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21 പരുന്തുംപാറ റിഫ്രഷ്മെന്റ് സെന്റർ സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്ട് നം. | 398/2020-21 | |
| കരാറുകാരൻ | ശ്രീ. സന്തോഷ്.കെ.എൻ | |
| കരാർ നം. | 41/AE/LSGD/PMD/2020-21/ തീയതി. 02.02.2021 | |
| അളവ് ബുക്ക് | /2019-20 | |
| പദ്ധതി അടങ്കൽ | ₹15,00,000/- (വികസന ഫണ്ട് – ജനറൽ) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | ഇല്ല/29.03.2021 | ₹586036/- |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിനോദ സഞ്ചാര കേന്ദ്രമായ പരുന്തുംപാറയിൽ റിഫ്രഷ്മെന്റ് സെന്ററും സാനിട്ടേഷൻ കോംപ്ലക്സും നിർമ്മിക്കുന്നതിനായി ₹15,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. കെട്ടിട നിർമ്മാണത്തിന് 15.37% കുറവ് രേഖപ്പെടുത്തിയ ശ്രീ. സന്തോഷ് കെ.എൻ. എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരുന്ന വിവരങ്ങളും ടെണ്ടർ കുറവ് വിവരവും ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| കെട്ടിട നിർമ്മാണം | 1273381 |
| ഇലക്ട്രിഫിക്കേഷൻ | 30000 |
| നാപ്കിൻ വെൻഡിംഗ് ഇൻസിനറേറ്റർ | 35000 |
| ജി.എസ്.ടി 12% | 160605.55 |
| ലംപ്സം തുക | 1013.11 |
| ആകെ | 226619 |

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 1500000 |
| ആകെ തുക | 1273381 (1500000-226619) |
| ക്വോട്ട് ചെയ്ത തുക | 1077741 |
| ടെണ്ടർ കുറവ് | 15.37% |

ആദ്യ എസ്റ്റിമേറ്റിലെ ചില ഇനങ്ങളിൽ അളവിൽ വ്യത്യാസം വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഐറ്റം വൈസ് ടെണ്ടറിൽ എസ്റ്റിമേറ്റിലെ അളവിനും 25% വരെ അധികം ചെയ്യുന്ന പ്രവൃത്തികൾക്കും ക്വോട്ട് ചെയ്ത നിരക്ക് 2011-ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2111 പ്രകാരം നൽകാവുന്നതാണ്. എന്നാൽ 25% ത്തിലും അധികരിച്ച് ചെയ്യുന്ന അളവിന് ടെണ്ടർ കുറവ് പരിഗണിച്ച് നിരക്ക് നിശ്ചയിച്ച തുകയാണ് ജി.ഒ.(പി)നം.54/2019/ഫിൻ., തീ. 04.05.2019 പ്രകാരം നൽകേണ്ടത്. എന്നാൽ എസ്റ്റിമേറ്റിലെ അളവിനെക്കാൾ 25%-ത്തിലും അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത 15.37% ടെണ്ടർ കുറവ് കണക്കാക്കി കുറയ്ക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യാതെ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കാണ് നൽകിയിരിക്കുന്നത്.

വിശദാംശം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്

| ഇനം നമ്പർ | പ്രവൃത്തിയുടെ കോഡ് നം/ഇനം DSR-2016 | എസ്റ്റിമേറ്റിലെ അളവ് | അനുവദനീയമായ 25% | ആകെ അനുവദനീയമായ അളവ് | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് |
|---|---|---|---|---|---|
| 2 | 4.8.1 C.C-1:4:8 | 3.120 $M^3$ | 0.78 $M^3$ | 3.90 $M^3$ | 8.75 $M^3$ |
| 5 | 5.1.2 RCC-1:1.5:3 | 2.650 $M^3$ | 0.6625 $M^3$ | 3.312 $M^3$ | 37.626 $M^3$ |
| 6 | 5.9.5 Centering And Shuttering | 26.500 $M^2$ | 6.625 $M^2$ | 33.125 $M^2$ | 39.123 $M^2$ |

തുക അനുവദിച്ചതിന്റെ വിവരങ്ങൾ

| എസ്റ്റിമേറ്റ് പ്രകാര മുള്ള ഇനം / അനുവദനീയമായ അളവ് | അളവ് ബുക്ക് പ്രകാരം നൽകിയ അളവ് | 25%- ത്തിലും അധികം ചെയ്ത അളവ് | നൽകിയ തുക ₹ | 15.37% ടെണ്ടർ കുറവ് വരുത്തേണ്ട തുക ₹ |
|---|---|---|---|---|
| 2<br>3.90 | 8.75 $M^3$ | 4.85 $M^3$ | 29133.13<br>(4.85x6006.8329) | 4477.76 |

| | | | | |
|---|---|---|---|---|
| 5<br><br>3.312 | 37.626 $M^3$ | 34.314 $M^3$ | 286077.55<br><br>(34.314x8337.0507) | 43970.11 |
| 6<br><br>33.125 | 48.460 $M^2$ | 15.33 $M^2$ | 7051.12<br><br>(15.33x459.956) | 1083.75 |
| ആകെ ടെണ്ടർ കുറവ് വരുത്തേണ്ട തുക | | | | 49531.62<br><br>+12% GST=5943.79<br><br>ആകെ ₹55475/- |

അധികം നൽകിയ തുക ₹55,728/-

അധികം നൽകിയ തുക ₹55,728/- ഉത്തരവാദികളായ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/25.06.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22 ഇലക്ഷൻ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ/വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ തൻവർഷം ₹23,000/- വരവുണ്ട്. നിശ്ചിത എണ്ണം വോട്ടുകൾ നേടാത്ത സ്ഥാനാർത്ഥികൾ ഒടുക്കിയിട്ടുള്ള നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾക്കും ജില്ലാ ഭരണാധികാരികളുടെ നിർദ്ദേശങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും സെക്രട്ടറി കൺവീനറായും പ്രവർത്തിക്കുന്ന ഒരു പഞ്ചായത്ത് തല സമിതി രൂപീകരിച്ചിരുന്നു. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ കോവിഡ് ഹെൽപ്പ് ഡെസ്കും പ്രവർത്തിച്ചിരുന്നു. പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന് വേണ്ടി 27.03.2020-ൽ ഒരു മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. രോഗ വ്യാപനം തടയുന്നതിനൊപ്പം രോഗികളായവർക്കും ബന്ധുക്കൾക്കും അടിയന്തിര വൈദ്യ സേവനവും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് ബഹുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ചിരുന്നു. വീടുകളിൽ ക്വാറന്റൈൻ സൗകര്യം ഇല്ലാതിരുന്ന രോഗികൾക്ക് സഹായമായി യൂത്ത് വോളന്റിയർമാർ, ആശാ വർക്കർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സൗകര്യമൊരുക്കിയിരുന്നു. ഇതിനായി 52 വോളന്റിയർമാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ക്വാറന്റൈനിൽ കഴിഞ്ഞിരുന്നവർക്ക് പഞ്ചായത്തിൽ നിന്ന് സൗജന്യ ഭക്ഷ്യകിറ്റും വിതരണം ചെയ്തിരുന്നു.

പഞ്ചായത്തിൽ ഒരു സി.എഫ്.എൽ.റ്റി.സി ആരംഭിച്ച് തൃപ്തികരമായി പ്രവർത്തിപ്പിച്ച് രോഗികൾക്കാവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. 130 പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട്. ലോക്ഡൗൺ കാലയളവിൽ മരുന്നു വിതരണം, അണുനശീകരണം എന്നിവയ്ക്കും മൈക്ക് അനൗൺസ്മെന്റ്, മാസ്ക് വിതരണം, മറ്റ് അവശ്യ സാധനങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 18,82,366/- ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക സംസ്ഥാന സർക്കാരിൽനിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

കോവിഡ് കാലയളവിൽ പ്രവർത്തിപ്പിച്ച കമ്മ്യൂണിറ്റി കിച്ചന്റെ നടത്തിപ്പിനായി ദിവസ വേതന അടിസ്ഥാനത്തിൽ 5 ജീവനക്കാരെ നിയമിച്ചിരുന്നു. വിവിധ മാർഗ്ഗങ്ങളിൽ നിന്നായി 785 കിലോഗ്രാം അരി സൗജന്യമായി ലഭിച്ചു. സാമൂഹ്യ അടുക്കള വഴി ലോക്ക്ഡൗൺ കാലയളവിൽ ജനങ്ങൾക്കും രോഗികൾക്കും ഭക്ഷണമെത്തിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾക്കും പാചക കൂലിയിനത്തിൽ 133700/-യും ചെലവഴിച്ചിട്ടുണ്ട്. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ തുടങ്ങിയില്ല. സ്ഥല ലഭ്യതയിലെ പരിമിതി മൂലം തരിശ് ഭൂമി കൃഷി പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞില്ല. ഗ്രാമപഞ്ചായത്തിന്റെ കോവിഡ് ദുരന്ത നിവാരണ മേഖലയിലെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്.

1-24 ലൈഫ് ഭവന പദ്ധതി- ധനസഹായ ഗഡുക്കളുടെ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കാനാവുന്ന രേഖകൾ ലഭ്യമാക്കിയില്ല

തൻ വർഷം ലൈഫ് ഭവന പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ വിനിയോഗിച്ച തുകകളുടെ വിശദാംശങ്ങൾ വിവരം താഴെ നൽകുന്നു.

| പദ്ധതി, നമ്പർ | തുക(₹) |
|---|---|
| ലൈഫ് ഭവന നിർമ്മാണം എസ്. സി. വിഭാഗം (357/21) | 1900000 |
| ലൈഫ് ഭവന നിർമ്മാണം ജനറൽ വിഭാഗം (356/21) | 5000000 |
| ലൈഫ് ഭവന നിർമ്മാണം ജനറൽ വിഭാഗം (15/21) | 3900000 |
| ലൈഫ് ഭവന നിർമ്മാണം എസ്. സി. വിഭാഗം (16/21) | 3940000 |

പദ്ധതി ധനസഹായം 5 ഘട്ടങ്ങളിലായാണ് അനുവദിക്കുന്നത്. അവയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | അനുവദിക്കുന്ന തുക ₹ | സബ്സിഡി(%) |
|---|---|---|
| കരാർ ചമയ്ക്കുമ്പോൾ | 40000 | 10 |
| തറയുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 160000 | 40 |
| കട്ടിള നിരപ്പെത്തുമ്പോൾ | 100000 | 25 |
| മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 60000 | 15 |
| എല്ലാ അർത്ഥത്തിലും നിർമാണം പൂർത്തീകരിക്കുമ്പോൾ | 40000 | 10 |
| ആകെ സബ്സിഡി | 400000 | 100 |

LIFE ഭവന പദ്ധതിയുടെ രണ്ട്, മൂന്ന് ഘട്ടങ്ങളിലെ പൊതു-എസ്.സി വിഭാഗം ഗുണഭോക്താക്കൾക്ക് വിവിധ നിർമാണ ഘട്ടങ്ങൾക്ക് ആനുപാതികമായി വികസന ഫണ്ട്, ഹഡ്കോ വായ്പ, സ്റ്റേറ്റ് ഷെയർ എന്നീ ഘടകങ്ങളുടെ

ധനസഹായം അനുവദിച്ചെങ്കിലും വികസന ഫണ്ട് പിൻവലിക്കുന്നതിന് ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളുടെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഭവന നിർമ്മാണ പുരോഗതി വിശകലനം ചുവടെ ചേർക്കുന്നു.

| | | കരാർ വച്ചത് | പണി തുടങ്ങാത്തത് | തറ തീർന്നത് | ലിന്റൽ തീർന്നത് | മേൽക്കൂര തീർന്നത് | പണി തീർന്നത് |
|---|---|---|---|---|---|---|---|
| ഫേസ് II | പൊതു വിഭാഗം | 218 | 8 | 4 | 24 | 3 | 179 |
| | എസ്.സി | 113 | 7 | 3 | 12 | 2 | 89 |
| | എസ്.റ്റി | 1 | 0 | 0 | 0 | 0 | 1 |
| | ആകെ | 332 | 15 | 7 | 36 | 5 | 269 |
| ഫേസ് III | പൊതു വിഭാഗം | 96 | 6 | 2 | 5 | 5 | 78 |
| | എസ്.സി | 70 | 0 | 0 | 3 | 3 | 64 |
| | എസ്.റ്റി | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 166 | 6 | 2 | 8 | 8 | 142 |
| എസ്.സി/എസ്.റ്റി /ഫിഷറീസ് അഡീഷണൽ ലിസ്റ്റ് | എസ്.സി | 95 | 10 | 75 | 8 | 2 | 0 |
| | എസ്.റ്റി | 0 | 0 | 0 | 0 | 0 | 0 |
| | ഫിഷറീസ് | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 95 | 10 | 75 | 8 | 2 | 0 |

ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ ട്രഷറിയിൽ നിന്ന് അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് ക്രെഡിറ്റ് ചെയ്യുന്നത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രഷറി ബിൽ പകർപ്പുകളിൽ പരാമർശിക്കുന്ന തുകകൾ യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നതെന്ന് സ്ഥിരീകരിക്കാൻ പര്യാപ്തമായ രീതിയിൽ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ സജ്ജമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്താനായില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23.06.2022) സമർപ്പിച്ച മറുപടിയിൽ ഹഡ്കോ വായ്പ, സ്റ്റേറ്റ് ഷെയർ എന്നീ ഇനങ്ങളിൽ വിതരണം ചെയ്ത തുകകളുടെയും ബിൽ പകർപ്പുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ കൃത്യത ബിൽ പകർപ്പുകളുമായി ഒത്തുനോക്കി പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനെ സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

വളരെ ബൃഹത്തായ ഈ ഭവന നിർമ്മാണ പദ്ധതിയുടെ ഗണ്യമായ സബ്സിഡി തുക വിതരണത്തിന്റെ കൃത്യത

ഉറപ്പുവരുത്താനാകാത്തതിനാൽ തൻവർഷത്തെ ചെലവ് തുകയായ ₹1,47,40,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 തൊഴിലുറപ്പ് പദ്ധതി- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- അപാകതകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ഷെഡ്യൂൾ 1-ലെ ഖണ്ഡിക 25 (A), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2017-ലെ ഭേദഗതി) ഷെഡ്യൂൾ II-ലെ സെക്ഷൻ 22(iv) എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി നടത്തുന്ന ഓരോ സൈറ്റിലും പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതിനായി നിശ്ചിത മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന 'സജസ്റ്റീവ് ഫ്രെയിംവർക്ക് (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആന്റ് വാൾ റൈറ്റിംഗ്സ്)' മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 3(2) പ്രകാരം വ്യക്തിഗത പ്രവൃത്തികൾക്ക് 2 X 3 അടി-യും പൊതു പ്രവൃത്തികൾക്ക് 3 X 4 അടി-യും അളവിൽ കുറഞ്ഞത് 10 വർഷമെങ്കിലും നിലനിൽക്കുന്ന രീതിയിലുള്ള ബോർഡുകളാണ് സ്ഥാപിക്കേണ്ടത്.

(എ) ക്ലിപ്ത പരിധിയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു

ഖണ്ഡിക 3(5)-ൽ വ്യക്തിഗത പ്രവൃത്തികളുടെ ബോർഡിന് ₹3,000/-യിലും പൊതു പ്രവൃത്തികളുടെ ബോർഡിന് ₹5,000/-യിലും അധികരിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. വിശദമായ എസ്റ്റിമേറ്റ് അനുബന്ധം 2-ൽ ലഭ്യമാണെന്നും യഥാർത്ഥ നിരക്കിൽ ബോർഡുകൾക്ക് തുക അനുവദിക്കാമെങ്കിലും അനുവദനീയ പരിധിയിൽ തുക അധികരിക്കാൻ പാടില്ലെന്നും തുടർന്ന് വിശദമാക്കുന്നുണ്ട്. 2016-ലെ CPWD D.S.R. നിരക്ക് പ്രകാരം ഇഷ്ടിക ഉപയോഗിച്ച് തയ്യാറാക്കുന്ന ബോർഡുകളുടെ വിശദമായ എസ്റ്റിമേറ്റാണ് അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത D.S.R. ഡേറ്റാ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | യൂണിറ്റ് | നിരക്ക് ₹ | 2 X 3 ബോർഡിന് ആവശ്യമായ | | 3 X 4 ബോർഡിന് ആവശ്യമായ | |
|---|---|---|---|---|---|---|---|
| | | | | അളവ് | നിരക്ക് ₹ | അളവ് | നിരക്ക് ₹ |
| 1 | Earth Work Excavation | Cum | 166.4 | 0.24 | 39.94 | 0.32 | 53.25 |
| 2 | Filling Available Excavated Earth In Trenches. | Cum | 125.75 | 0.04 | 5.03 | 0.05 | 6.29 |
| 3 | Providing And Laying In Cement Concrete1:4:8 | Cum | 4478.15 | 0.04 | 179.13 | 0.05 | 223.91 |
| 4 | Brick Work In Common Burnt Clay FPS In Cement Mortar 1:6 | Cum | 4751.65 | 0.29 | 1377.98 | 0.47 | 2233.28 |
| 5 | 15mm Cement Plasteix 1:6 | Sqm | 185.2 | 1.99 | 368.55 | 3.46 | 640.79 |
| 6 | Wall Painting With Acrylic Emulsion Paint. | Sqm | 78.4 | 1.99 | 156.02 | 3.46 | 271.26 |
| 7 | Letter Writing And Logo | LS | 1 | 700 | 700 | 800 | 800 |
| 8 | Contigrncies | LS | 1 | 200 | 200 | 200 | 200 |
| | ആകെ | | | | 3026.63 | | 4428.77 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അതായത് | | | | 3027 | | 4429 |

ഖണ്ഡിക 3(5)-ൽ പൊതു പ്രവൃത്തികളുടെ 3 X 4 ബോർഡിന് ₹5,000/-യിൽ അധികരിക്കാതെ തുക നല്കാമെന്ന് പൊതുവായി പറയുന്നുണ്ടെങ്കിലും അനുബന്ധത്തിൽ ലഭ്യമാക്കിയിരിക്കുന്ന ഡേറ്റാ പ്രകാരം ആയത് ₹4,429/-ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പീരുമേട് ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ45പൊതു പ്രവൃത്തികളിൽ പ്രസ്തുത തുകയിൽ പരിമിതപ്പെടുത്താതെ ബോർഡൊന്നിന് ₹4,800/- നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. ഈയിനത്തിൽ ആകെ ₹16695(371x45) ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ടെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ബോർഡ് സ്ഥാപിക്കുന്നതിന് ₹5,000/- വരെ പരമാവധി ചെലവ് നല്കാമെന്ന് മിഷൻ ഡയറക്ടറുടെ 14.09.2018-ലെ 2679/EGS-C/17/REGS നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുള്ളതിനാലാണ് മേൽ നിരക്കിൽ തുക അനുവദിച്ചതെന്നാണ് ഇക്കാര്യത്തിൽ ലഭ്യമാക്കിയ മറുപടിയിലുള്ളത്.

ഇഷ്ടിക ഉപയോഗിച്ച് നിർമ്മിക്കുന്ന ബോർഡുകൾക്ക് മാത്രമാണ് മേൽ സൂചിത പട്ടികയിലെ നിരക്കുകൾ നല്കാനാവുക. പീരുമേട് ഗ്രാമപഞ്ചായത്തിൽ വ്യാപകമായി ഫെറോ സിമന്റ് സ്ലാബുകളാണ് ബോർഡുകൾക്കായി ഉപയോഗിക്കുന്നത്. ഇത്തരം സ്ലാബുകൾ ഉപയോഗിക്കാവുന്നതാണെന്ന് ഖണ്ഡിക 3(4)-ൽ പറയുന്നതിനാൽ അത് ഉപയോഗിക്കുന്നത് വഴി ബോർഡിന്റെ വില വീണ്ടും കുറയുമെന്നതിനാൽ ഫെറോ സിമന്റ് സ്ലാബ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത നിരക്കിന് അനുസൃതമായി ബോർഡിന്റെ വില നിശ്ചയിക്കുന്നതും വഴി ഈയിനത്തിലുള്ള ചെലവ് കുറക്കാവുന്നതാണ്.

(ബി) നടപ്പാക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിരിക്കുന്നു

തൻവർഷം പീരുമേട് ഗ്രാമപഞ്ചായത്തിൽ 165 വ്യക്തിഗത പ്രവൃത്തികളും 45 പൊതുപ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. അതിൽ താഴെ പറയുന്ന പ്രവർത്തികളിൽ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഉറപ്പിച്ചിട്ടില്ല.

| Sl. No. | Name Of Work | Ward | Work Code | Amount ₹ |
|---|---|---|---|---|
| 1 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാല (ഗോപാലൻ) | XII | LD/355538 | 2600 |
| 2 | തരിശുഭൂമികൃഷിയോഗ്യമാക്കൽ കല്ലുകയ്യാല നിർമ്മാണം സിവിൽസ്റ്റേഷൻ | XV | LD/335553 | 2600 |
| 3 | തരിശുഭൂമികൃഷിയോഗ്യമാക്കൽ കല്ലുകയ്യാല നിർമ്മാണം (ഷണ്മുഖവേൽ) (Parvathy) | X | LD/355693 | 2600 |
| 4 | ഭൂമി തട്ടുതിരിക്കൽ കല്ലുകയ്യാല നിർമ്മാണം (Glarance | X | LD/331466 | 2600 |
| 5 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാലനിർമ്മാണം മാരിയമ്മ ആശാരിത്തോട്ടം | VI | LD/367940 | 2600 |
| 6 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാലനിർമ്മാണം പഴയപാമ്പനാർ മേലഴത ഭാഗം | XIII | LD/376938 | 2600 |
| 7 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാല നിർമ്മാണം തീറ്റപ്പുൽ കല്ലാർ കോളനി | XII | LD/376935 | 2600 |

| | | | | |
|---|---|---|---|---|
| | ഭാഗം | | | |
| 8 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാല നിർമ്മാണം ലാഡ്രം ലക്ഷ്മികോവിൽ രണ്ടാം ഭാഗം | V Jaya | LD/386355 | 2600 |
| 9 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാല നിർമ്മാണം കമ്പിമൊട്ട രണ്ടാം ഭാഗം | I Siji | LD/383343 | 2600 |
| 10 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കയ്യാല നിർമ്മാണം തീറ്റപ്പുൽകൃഷി ഗ്ലെൻമേരി എൽഎംഎസ് പ്രദേശം | II | LD/376897 | 2600 |
| 11 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കല്ലുകയ്യാല നിർമ്മാണം പഴയപാമ്പനാർ ഒന്നാം ഭാഗം | XIII | LD/385056 | 2600 |
| 12 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കല്ലുകയ്യാല നിർമ്മാണം പഴയപാമ്പനാർ രണ്ടാം ഭാഗം | XIII | LD/385057 | 2600 |
| 13 | പാമ്പനാർ തോട് പുനരുദ്ധാരണം | XI | WC/410004 | 4800 |
| 14 | LMS Colony Water Tank നടപ്പാത നിർമ്മാണം | XIII | RC/325603 | 4800 |
| 15 | കുളം നിർമ്മാണം Gopalan 12/795 | XII | IF/499030 | 2600 |
| 16 | Pothukkulam Ranicoil | VII | WC/376902 | 4800 |
| 17 | കിണർ നിർമ്മാണം Leela Kumar 2001 | VI | IF/527662 | 2600 |
| 18 | കിണർ നിർമ്മാണം സുമതി 12/2035 | XII | IF/529984 | 2600 |
| 19 | കിണർ നിർമ്മാണം Santhosh K Rajan 013/2023 | VI | IF/514059 | 2600 |
| 20 | കരടിക്കുഴി കുരിശുമൊട്ട നടപ്പാത നിർമ്മാണം | VIII | RC/326054 | 4800 |
| 21 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ കല്ലുകയ്യാല നിർമ്മാണം Old Pambanar Arayan | XIII | LD/392466 | 2600 |

മണ്ണിൽ കുത്തിവച്ചിരിക്കുന്നതായും ഭിത്തിയിൽ/മരത്തിൽ ചാരിവെച്ചിരിക്കുന്നതായുമായ രീതിയിലാണ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഇത്തരം കാര്യങ്ങളിലൊന്നും മോണിട്ടറിംഗ് നടത്താതെയാണ് ബില്ല് തയ്യാറാക്കി തുക അനുവദിച്ചിരിക്കുന്നത്. മണ്ണിൽ ഉറപ്പിക്കാത്തതിനാൽ ഡി.എസ്.ആർ. ഡാറ്റയിലെ ക്രമനം. 1, 2, 3 എന്നിവ ഒഴികെയുള്ള ഇനങ്ങൾ മാത്രമാണ് ബോർഡ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ നടത്തിയിട്ടുള്ളത്. 2 X 3 ബോർഡിന്റെ തുക ₹3,000/-ൽ നിന്ന് ₹2,600/- ആയി കുറച്ചതിനാൽ 1, 2, 3 ഇനങ്ങളുടെ തുകയുടെ ആനുപാതിക കുറവ് ഓരോ പ്രവൃത്തിയിലും വരുത്തി മാത്രമാണ് അന്തിമ തുക അനുവദിക്കേണ്ടിയിരുന്നത്. 3 X 4 ബോർഡിന്റെ തുക ₹4,429/- മാത്രം നൽകേണ്ടിടത്ത് ₹4,800/- നൽകിയതിനാൽ മേൽ ഇനങ്ങളുടെ ആകെ തുക ബന്ധപ്പെട്ട ഓരോ പ്രവൃത്തിയിലും കുറവ് വരുത്തി മാത്രമാണ് അന്തിമ തുക അനുവദിക്കേണ്ടിയിരുന്നത്.

പ്രവർത്തികളിൽ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉത്തരവിൻ പ്രകാരം ഉറപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് ഉറപ്പിച്ച് സ്ഥാപിക്കുന്നതാണ് എന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന മറുപടി.

മേൽ മറുപടി അംഗീകരിക്കുന്നു. ബോർഡുകൾ ഉത്തരവിൻ പ്രകാരം ഉറപ്പിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 യഥാർഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ചു

2020-21 വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ യഥാർഥത്തിൽ ചെയ്യാത്ത പെയിന്റിംഗ് ഇനങ്ങൾക്ക് തുക അനുവദിച്ച് നൽകിയിരിക്കുന്നു.

| ക്രമ നം. | പദ്ധതി | നഷ്ടം ₹ |
|---|---|---|
| 1 | കുട്ടിക്കാനം സ്ത്രീ ശാക്തീകരണ നിലയം രണ്ടാം ഘട്ടം (150/20-21) | 77125 |
| 2 | വാർഡ് - 6 – റാണിമുടി വനിത കാർഷിക വിപണന കേന്ദ്രം - രണ്ടാം ഘട്ടം (149/20-21) | 14955 |
| 3 | തെപ്പക്കുളം സ്ത്രീ ശാക്തീകരണ നിലയം നിർമ്മാണം (189/2020-21) | 16043 |
| 4 | തെപ്പക്കുളം പുതുവൽ കമ്മ്യൂണിറ്റി ഹാൾ നവീകരണം (347/20-21) | 42336 |

അപാകതകളുടെ വിശദമായ വിവരം ഭാഗം 1–ലെ ഖ. 1-17 (1,2,3,4)ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമാണ്. ഈ റിപ്പോർട്ടിലെ ഭാഗം 4-10 (ബി)യിൽ പേര് പരാമർശിച്ചിട്ടുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-2 സ്റ്റീൽ ട്രസ്സ് നിർമ്മാണ പ്രവർത്തികൾക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷം നടപ്പിലാക്കിയ താഴെ പരാമർശിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ സ്റ്റീൽ ട്രസ്സ് നിർമ്മാണ പ്രവർത്തികൾക്ക് അനുവദനീയമായതിലും അധികം തുക നൽകിയിരിക്കുന്നു.

| ക്രമ നം. | പദ്ധതി നം./പദ്ധതി | നഷ്ടം ₹ |
|---|---|---|
| 1 | പീരുമേട് സ്ത്രീ ശാക്തീകരണ നിലയം പൂർത്തീകരണം (209/2019-20, 304/2020-21) | 14212 |
| 2 | കച്ചേരികുന്ന് അങ്കണവാടി അറ്റകുറ്റപ്പണി-ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് (211/2019-20, 103/2020-21) | 5048 |

അപാകതകളുടെ വിശദമായ വിവരം ഭാഗം 1–ലെ ഖ. 1-18 (1,2)ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത

ഖണ്ഡികകൾ ഈ ഖണ്ഡികയുടെ ഭാഗമാണ്. ഈ റിപ്പോർട്ടിലെ ഭാഗം 4-10 (ബി) യിൽ പേര് പരാമർശിച്ചിട്ടുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-3 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് ജി.എസ്. റ്റി നഷ്ടപരിഹാര തുക അനുവദിച്ച് നൽകി

ഗുണഭോക്തൃ സമിതി കൺവീനർ മുഖാന്തിരം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ജി.എസ്.ടി നഷ്ടപരിഹാര തുക ഉൾപ്പെടുത്തി കൺവീനർക്ക് നൽകിയത് മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പദ്ധതി/പദ്ധതി നം | നഷ്ടം ₹ |
|---|---|
| വാർഡ് -17<br>സുബമ്മ-പോത്തുപാറ നടപ്പാത (293/2020-21) | 7595 |

അപാകതകളുടെ വിശദമായ വിവരം ഭാഗം 1–ലെ ഖ. 1-19ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികകൾ ഈ ഖണ്ഡികയുടെ ഭാഗമാണ്. ഈ റിപ്പോർട്ടിലെ ഭാഗം 4-10 (ബി)യിൽ പേര് പരാമർശിച്ചിട്ടുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-4 ഗ്ലെൻമേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ -അധികതുക അനുവദിച്ചു (26/20-21)

പ്രസ്തുത കുടിവെള്ള പദ്ധതി പ്രകാരം സ്ഥാപിച്ചിരിക്കുന്ന 40 എം.എം. ജി.ഐ പൈപ്പിന് അനുവദനീയമല്ലാത്ത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനം ഉൾപ്പെടുത്തി തുക അനുവദിച്ചത് മൂലം ₹74,713/- യുടെ നഷ്ടം സംഭവിച്ചിരിക്കുന്നു.

അപാകതകളുടെ വിശദമായ വിവരം ഭാഗം 1–ലെ ഖ. 1-20ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമാണ്. ഈ റിപ്പോർട്ടിലെ ഭാഗം 4-10 (ബി)യിൽ പേര് പരാമർശിച്ചിട്ടുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-5 പരുന്തുംപാറ റിഫ്രഷ്മെന്റ് സെന്റർ സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

ഐറ്റം വൈസ് ടെണ്ടറിൽ കരാറിൽ ഏർപ്പെട്ട എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25% വരെ അധികം ചെയ്യുന്ന പ്രവൃത്തികൾക്ക് ക്വോട്ട് ചെയ്ത നിരക്ക് നൽകാവുന്നതാണ്. എന്നാൽ 25 ശതമാനത്തിലധികരിച്ച് ചെയ്യുന്ന അളവിന് ആകെ ടെണ്ടർ കുറവ് പരിഗണിച്ച് നിശ്ചയിച്ച നിരക്ക് തുകയാണ് നൽകേണ്ടത്. എന്നാൽ എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25 ശതമാനത്തിന് അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത 15.37% ടെണ്ടർ കുറവ് കണക്കാക്കി കുറക്കാതെ കരാറുകാരൻ ക്വോട്ട് ചെയ്ത് തുക നൽകിയത് മൂലം ₹55,475/- നഷ്ടം സംഭവിച്ചിരിക്കുന്നു.

അപാകതകളുടെ വിശദമായ വിവരം ഭാഗം 1–ലെ ഖ. 1-21ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികകൾ ഈ ഖണ്ഡികയുടെ ഭാഗമാണ്. ഈ റിപ്പോർട്ടിലെ ഭാഗം 4-10 (ബി)യിൽ പേര് പരാമർശിച്ചിട്ടുള്ള

സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം – 1 ആയി ഉൾപ്പെടുത്തുന്നു. |

### 4-2 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | അംഗൻവാടി സ്ഥലം വാങ്ങൽ | 2020-21 | 300000 | 0 | 300000 |
| ജില്ലാപഞ്ചായത്ത് | ലൈഫ് മിഷൻ | 2020-21 | 675000 | 0 | 675000 |

ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷ വരവ് ആർ.പി. 30 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പീരുമേട് | പ്രോജക്ട് നം.41/2021 പരുന്തുംപാറ ഇലക്ട്രിക് സ്ട്രീറ്റ് ലൈൻ നീട്ടൽ | 410 തീ.10.03.2021 | 217032 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 217032 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ₹1,93,60,000/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി/വായ്പ തുക | ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 296625/ഡി.ബി.1/ 15/തസ്വഭവ/ തീ.29.09.2015 തുക ₹1,80,00,000/- | 17800000 | 13700473 | -- | 4401093 | -- | 9299380 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ.എം.എസ്. നം. 68/2018/ തസ്വഭവ./തീ.18.08.2018 ₹4,66,16,000/- (3 ഗഡു ഉൾപ്പെടെ) | 42196000 | 70150588 | 19360000 | 6637707 | -- | 82872881 |

വായ്പ സംബന്ധിച്ച രജിസ്റ്ററുകൾ അപൂർണ്ണമായതിനാൽ വാർഷിക ധനകാര്യ പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. വായ്പ രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | ₹1500000 |
| ആകെ | ₹1500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹1500000 |

വർഷവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് | 01.04.2021 | 1 വർഷം | ₹1500000 | 58 തീ:01.04.2021 |

| | | | | |
|---|---|---|---|---|
| കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | | | |

4-7 ഓഡിറ്റ് റിക്കവറി

പീരുമേട് ഗ്രാമപഞ്ചായത്തിൽ യു. ഡി. ക്ലാർക്ക് ആയിരുന്ന ശ്രീ. രാമസ്വാമിയുടെ ഡി.സി.ആർ.ജി.-യിൽ നിന്ന് പീരുമേട് സബ് ട്രഷറി മുഖേന ₹66,587/- റിക്കവറി ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് അറിയിച്ചത്. ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6-3(i) | വനിത ബ്യൂട്ടിപാർലർ - അപാകതകൾ - അനധികൃത ചെലവ് അംഗീകരിക്കുന്നില്ല | -- |
| 2005-06 | 2-13 | 2009-10 | 2-6 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം - ₹8,633/- | -- |
| 2006-07 | 3-1 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | -- |
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തീയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- പാഴ്ചെലവ് | പ്രോജക്റ്റിൽ തുക വകയിരുത്തി പണി പൂർത്തീകരിച്ച് വരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

– ഇല്ല –

(ബി) സർചാർജ് നടപടികളുടെ വിവരം

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2003-04 | 2-6 | പി. എസ്. മുഹമ്മദ് സലിം | -- | 30647 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30647 | |
| 2 | 1997-98 | 22(ബി), 23(ബി) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 5912/ എസ്.സി 2/2001 തി. 4.12.04 | 810+ 20024 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 810+ 20024 | |
| 3 | 1998-99 | 22, 23(ബി), 24 (എ), 25(1), (2) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 11041/ എസ്.സി 2/2002 തി.24.2.03 | 71109 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 71109 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹30376726 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹129449103 |
| ആകെ | ₹159825829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹131302206 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹28523623 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹307502 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14740000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1-1 | | 38563 | ശ്രീ. സ്റ്റീഫൻ റ്റി<br>അസി. എഞ്ചിനീയർ |
| | | 38562 | ശ്രീ. കെ. എം. ഉഷാനന്ദൻ |

| | | | |
|---|---|---|---|
| | | | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1-2 | | 7478 | ശ്രീ. സ്റ്റീഫൻ റ്റി.,<br>അസി. എഞ്ചിനീയർ |
| | | 7477 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1-3 | | 8022 | ശ്രീ. സുനിൽകുമാർ പി<br>അസി. എഞ്ചിനീയർ |
| | | 8021 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1-4 | | 21168 | ശ്രീ. സ്റ്റീഫൻ,<br>അസി. എഞ്ചിനീയർ |
| | | 21168 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2-1 | | 7106 | ശ്രീ. സ്റ്റീഫൻ റ്റി<br>അസി. എഞ്ചിനീയർ |
| | | 7106 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2-2 | | 2524 | ശ്രീ. സ്റ്റീഫൻ റ്റി<br>അസി. എഞ്ചിനീയർ |
| | | 2524 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 7595 | ശ്രീ. സ്റ്റീഫൻ റ്റി<br>അസി. എഞ്ചിനീയർ |
| 3-4 | | 37357 | ശ്രീ. സുനിൽകുമാർ പി.<br>അസി. എഞ്ചിനീയർ |
| | | 37356 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 55475 | ശ്രീ. സ്റ്റീഫൻ റ്റി<br>അസി. എഞ്ചിനീയർ |
| ആകെ | | 307502 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക<br>₹ | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 14740000 | ശ്രീ. സുമേഷ് സോമൻ, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല --

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്റ്റീഫൻ റ്റി.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>പീരുമേട്<br>ഗ്രാമപഞ്ചായത്ത് | വടക്കേക്കര പുത്തൻവീട്<br>ചേരുമൂട്, വെള്ളിമൺ പി. ഒ.<br>കൊല്ലം-691511 |
| ശ്രീ. സുനിൽ കുമാർ പി.<br>അസി. എഞ്ചിനീയർ | ലഭ്യമല്ല | സുനിൽ ഭവൻ, അശ്രർ<br>മുല്ലക്കലത്ത് കാവ്<br>തട്ടത്തുമല, കിളിമാനൂർ<br>തിരുവനന്തപുരം |
| ശ്രീ. സുമേഷ് സോമൻ<br>വി.ഇ.ഒ | വി.ഇ.ഒ<br>ഏലപ്പാറ<br>ഗ്രാമപഞ്ചായത്ത് | പടന്നമാക്കൻ,<br>അയ്യപ്പൻകോവിൽ,<br>മാട്ടുക്കട്ട പി.ഒ. |
| ശ്രീ. കെ.എം.ഉഷാനന്ദൻ<br>അസി. എക്സി.<br>എഞ്ചിനീയർ | അസി. എക്സി.<br>എഞ്ചിനീയർ<br>അഴുത ബ്ലോക്ക്<br>പഞ്ചായത്ത് | കിഴക്കൻ വീട്, കെ.എസ്.ഇ.ബി ക്ക് സമീപം, കട്ടപ്പന<br>പി.ഒ, ഇടുക്കി |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|
| 1974-1975 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1975-1976 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1976-1977 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1977-1978 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1978-1979 | എൽ.എഫ്.ഐ.7-87/26.07.1980 | | |
| 1979-1980 | എൽ.എഫ്.ഐ.7-87/26.07.1980 | | |
| 1980-1981 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1981-1982 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1982-1983 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1983-1984 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1984-1985 | എൽ.എഫ്.ഐ.6-191/86/19.02.1987 | | |
| 1985-1986 | എൽ.എഫ്.ഐ.6-860/87/19.03.1988 | | |
| 1986-1987 | എൽ.എഫ്.ഐ.6-874/90/16.05.1990 | | |
| 1987-1988 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.6-655/92/11.12.1992 | | |
| 1992-1993 | എൽ.എഫ്.ഐ.6-244/94/17.07.1994 | | |
| 1993-1994 | എൽ.എഫ്.ഐ.7-235/95/20.06.1995 | | |
| 1994-1995 | എൽ.എഫ്.ഐ.6-361/96/12.02.1996 | | |

| | | | |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | 15 | 3,4,5,8,12,15,16, 17,18,20, 21,22,23,24,25 |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | 29 | 17,18,19,20,21, 22,23, 29(1,2), 30,31,32,33, 34,35,36,37, 38,39, 40,41,42,43-50 |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/ 09.06.2000 | 12 | 21,22(a,b),23(a,b), 24,25,26, 27,28,31,32,34,37 |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/ 29.08.2000 | 19 | 21,22,23(b,c), 24(a,b),25(1,2) 26,27,29,30,40 |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/ 05.04.2002 | 22 | 9,13,14,20, 21(1,2),22-38 |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/ 11.12.02 | 39 | 9,13,14,20(a,b), 21(b),23(a), 26(a,b),27, 28-54,57-60 |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/ 10.06.04 | 39 | 3-41 |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/ 05.11.05 | 23 | 2.4,2.5,2.6,2.7, 2.8,3.1, 3.2,3.3-3.14, 3.16,3.17 |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/ 31.07.07 | 15 | 2.1,2.2,2.3, 2.4, 2.5, 2.6, 3.1-3.8, 4.3 |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/ 05.04.08 | 20 | 2.2, 2.4-2.12, 3-1-3.9, 4.3 |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/ 08.02.10 | 24 | 2.3-2.11,3.1- 3.13, 4.2,4.3 |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/ 29.10.10 | 27 | 2.1 -2.11, 3.2 – 3.16, 4.3 |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/ 14.11.11 | 38 | 1.1-1.4,2.1-2.7, 3.1-3.24,4.4, 4.5,4.6 |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/ 10.05.12 | 15 | 2.3,2.4,3.1,3.2, 3.3,3.6,3.7-3.11, 3.13,3.14,4.3,4.6 |
| 2009-2010 | എൽ.എഫ്.ഐ.8-563/12/13.07.12/ 07.12.12 | 11 | 2.1,2.2,2.4,3.1, 3.2,3.3,3.6-3.10 |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/ 09.07.13 | 7 | 2.1,2.2,3.1,3.2, 3.3,3.4,3.5 |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/ 19.04.13 | 18 | 2.2,2.3,2.4,3.1, 3.2,3.3,3.4,3.6, 3.7,3.8-3.16 |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/ 04.10.14 | 16 | 2.1,2.2,3.1-3.10, 3.13-3.16 |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | 16 | 2.1,2.2,3.1-3.14 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | 21 | 2.1,2.2,2.3,3.1- 3.10,3.12-3.19 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550/ 2016/ തീ.8.10.2016 | 12 | 2.1,2.2,2.3,2.4, 3.1-3.5,3.7, 3.8,3.9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.8/1057/2017 തീയതി 14.08.2017 | 22 | 2.1,2.2,3.1-3.20 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.8/1223/2018 തീയതി | 9 | 2-1,2-2, 2-3, 2-4, 3-2, 3-3, 3-4, |

| | | | |
|---|---|---|---|
| | 28.11.2018 | | 3-6, 3-7 |
| 2018-19 | കെ.എസ്.എ-എെ.ഡി.കെ-8/205/2020 തീയതി 25.05.2020 | 40 | 1-12 To 1-49,3-1,3-2 |
| 2019-20 | കെ.എസ്.എ-എെ.ഡി.കെ-8/125/22 തീയതി 10/03/2022 | 21 | 1-10 To 1-26,2-1,2-2,3-1,3-2 |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്